മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 24 | THE ONLINE OFFICIAL NEWS BULLETIN | 2024 May 23

SEASON OF PENTECOST പെന്തിക്കോസ്തികാലം ܙܒܢܐ ܦܢܛܝܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪8 1st Sunday after Pentecost; 10th Mem. of Mar Baselius Marthoma Didymos I Catholicos (Pathanapuram Dayara) 26	♪4 27	♪8 28	♪4 29	♪8 30	♪4 31	♪8 1





സൗഹൃദം ഭവനങ്ങൾ കൈമാറി ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 'സഹോദരൻ' സാധുജന ക്ഷേമപദ്ധതിയുടെ ഭാഗമായി സ്വന്തമായി സ്ഥലവും ഭവനവും ഇല്ലാത്ത ആളുകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയായ 'സൗഹൃദം' പ്രോജക്റ്റിന്റെ കൂദാശ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായും വൈദികരും സഹകാർമികരായിരുന്നു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രസംഗിച്ചു.

കോട്ടയം പരുത്തുംപാറയിൽ ഓർത്തഡോക്സ് സഭാംഗമായ കാര്യകുളത്ത് ജേക്കബ് സക്കറിയ നൽകിയ 50 സെൻറ് സ്ഥലത്ത് 600 സ്ക്വയർ ഫീറ്റുകളുള്ള 10 ഭവനങ്ങളാണ് നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയത്. നിർമ്മാണത്തിന് നേതൃത്വം നൽകിയ ജോസഫ് അലക്സാണ്ടറിനെയും നിർമ്മാണം നടത്തിയ ജോസഫ് ജോൺ ഇല്ലിചുവട്ടിലിനെയും പ. ബാവ അഭിനന്ദിച്ചു. രണ്ടു വർഷത്തിനുള്ളിൽ സഹോദരൻ പദ്ധതിയിലൂടെ ഇരുന്നൂറിലധികം ഭവനങ്ങൾ പൂർണമായും ഭാഗികമായും പൂർത്തിയായി അർഹരായ ആളുകളിലേക്ക് കൈമാറുവാൻ സാധിച്ചിട്ടുണ്ട്.



മലങ്കര ഓർത്തഡോക്സ്സഭ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച കാതോലിക്കേറ്റ് സെന്റർ തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സന്ദർശിച്ചു. സഭയുടെ അസിസ്റ്റന്റ് പി.ആർ.ഒ. ഫാ. ഷിബു ടോം വർഗ്ഗീസ് സെന്ററിന്റെ ചുമതല വഹിയ്ക്കുന്നു.




H.H. Baselios Marthomma Mathews III inaugurated the first family re-union of the STOC Kolkata meeting On 22nd May 2024 at Parumala Seminary,



പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്തമറിയം ദേവാലയവും അർക്കദിയാക്കോൻമാരുടെ കബറിടം സ്ഥിതി ചെയ്യുന്ന പകലോമറ്റം തറവാട് പള്ളിയും സന്ദർശിച്ചു.

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ സെമിനാരി പ്രിൻസിപ്പൽ ഇൻ ചാർജ്

കോട്ടയം: ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഇൻ ചാർജായി ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിനെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു. ഫാ. ഡോ. റെജി മാത്യു റിട്ടയർ ചെയ്ത ഒഴിവിലാണ് നിയമനം.



ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
MA, M.Th, M.Phil, Ph.D.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1925-ലെ കല്പനകളുടെ നമ്പർ ബുക്ക്.

512. വയലറക്കത്തു അലക്സന്ത്രയോസ് കത്തനാർക്കു. ടിയാന്റെ അപ്പന്റെ മരണത്തെക്കുറിച്ചു അനുശോചനകത്ത്.

513. പടിഞ്ഞാറേതലയ്ക്കൽ അവറാകുട്ടിക്ക്. നമ്മുടെ പ്രെയറിൽ ജ്ഞാനത്തിനു തക്കവണ്ണം പ്രവർത്തിച്ചുകൊള്ളണമെന്നും മറ്റും. കുര്യൻ വക്കീലിന്റെ കാര്യത്തിൽ ... ഉണ്ടായിരുന്നതുകൊണ്ടു എഴുതിയതാണെന്നും മറ്റും.

514. ചാലിൽ യൗസേഫ് കുഞ്ഞിച്ചെറിയയ്ക്കു. വർത്തമാനങ്ങൾക്ക് ഇവിടെ നിന്നു എഴുതി അയച്ചു. 1101 ചിങ്ങം 1. പരുമല സിമ്മനാരി.

515. ചേരിയിൽ കൊച്ചുകുഞ്ഞിനു. മകളുടെ കല്യാണത്തിനെക്കുറിച്ച് ആശീർവാദ കല്പന.

516. വാരിക്കാട്ടു നൈനാച്ചനു. ടിയാന്റെ മകളുടെ കല്യാണത്തിന് ആശീർവാദ കല്പന.

517. പുതുമഠത്തിൽ കീവച്ചനു. അനുജന്റെ കല്യാണകാര്യത്തിൽ ആശീർവാദ കല്പന.

518. നല്ലൂർ ജോസഫ് വറുഗീസ്. മകളുടെ മരണത്തിൽ സഹതപിക്കുന്നു എന്നു.

519. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

520. വർക്കിപ്പിള്ളയ്ക്കു. കർമ്മേൽ സ്ഥലത്തിന്റെ കരം അയക്കുന്നു എന്നും മറ്റും.

521. ചുങ്കത്തു വറിയതു ഇയ്യുവിനു. വർത്തമാനങ്ങൾക്കും മറ്റും.

522. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസിന്റെ കാര്യം.

523. കെ. സി. ഈപ്പൻ ബി.എ. അവർകൾക്കു. ടി കാര്യം.

524. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾക്കും മറ്റും.

525. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. ടി സംഗതിക്കു. 1101 ചിങ്ങം 16-നു എഴുതി അയച്ചു. പരുമല സിമ്മനാരി.

526. വിലനിലത്തു ഗീവറുഗീസു കത്തനാർക്കും കിഴക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കും പുത്തൻപുരയിൽ തോമ്മസു കത്തനാർക്കും കൂടി. ഈ എഴുത്തുകൊണ്ടുവരുന്ന ആളൊന്നിച്ചു ഇത്രടം നിങ്ങൾ മൂവരും ഒന്നു വന്നുപോകണമെന്നു.

527. വർക്കിപ്പിള്ളയ്ക്കു. ചെങ്ങന്നൂർ കേസിലേക്കു ആവശ്യമുള്ള അന്യായ പകർപ്പും മറ്റും അയച്ചത് കിട്ടിയെന്നു.

528. തയ്യിൽ മാത്തുച്ചനു. കേസുകളെക്കുറിച്ചും മറ്റും.

529. കരിങ്ങാട്ടിൽ യൗസേപ്പ് വക്കീലിനു. ഇത്രടം ഒന്നു വന്നുപോകണമെന്നും ചില കാര്യങ്ങൾ പറയാനുണ്ടെന്നും.

530. ... ഞ്ഞിക്കമഠത്തിൽ കൊച്ചുപാപ്പിക്കു. പെൺമക്കളുടെ കല്യാണത്തെക്കുറിച്ച് ആശീർവാദ കല്പന.

531. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനു. പുസ്തകവും അതിന്റെ തർജ്ജമയും കിട്ടിയില്ലെന്നു.

532. തെക്കേക്കര കുറിയാക്കോസ് കത്തനാർക്കു. തെക്കേ കുരിശുപള്ളിയെക്കുറിച്ചും കാതോലിക്കാ ബാവായെ അങ്ങോട്ടു കൊണ്ടുപോകുന്നതിനെക്കുറിച്ചും മറ്റും.

533. പാലത്തുങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കും മറ്റും.



534. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും.

535. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. മുളന്തുരുത്തി പള്ളിക്കേസിനെക്കുറിച്ചും വർത്തമാനങ്ങൾക്കും എഴുതി. 1101 ചിങ്ങം 19-നു. പരുമല.

536. ഒ. എം. ചെറിയാൻ അവർകൾക്കു. വല്യമെത്രാച്ചന്റെ റൈട്ടർ ഉതുപ്പിനു വേണ്ടി ഒരു എഴുത്തു. 1101 ചിങ്ങം 22-നു പരുമല സിമ്മനാരിയിൽ നിന്നും.

537. മട്ടയ്ക്കൽ മല്പാൻ അലക്സന്ത്രയോസ് കത്തനാർക്കു. വിവരങ്ങൾ അറിയിച്ചുതരണമെന്നു.

538. കരിങ്ങണാമറ്റത്തിൽ മത്യാസ് കത്തനാർക്കു. ഉടമ്പടിയുടെ നക്കൽ ഇത് മതിയെന്നാണ് നമ്മുടെ അഭിപ്രായമെന്നും മറ്റും. ഉടമ്പടിയുടെ നക്കൽ ആവശ്യമെങ്കിൽ തിരികെ അയച്ചുതരാമെന്നും മറ്റും. 1101 ചിങ്ങം 22-നു. പരുമല സിമ്മനാരിയിൽ നിന്നും.

539. മട്ടയ്ക്കൽ മല്പാൻ അലക്സന്ത്രയോസ് കത്തനാർക്കു. വിവരത്തിന് എഴുതി അയക്കണമെന്നും മറ്റും.

540. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾക്കും മറ്റും.

541. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. ടി കാര്യം.

542. അഞ്ചേരിൽ കെ. ഐ. വർക്കിക്കു. അമ്മാവിയപ്പന്റെ മരണത്തിൽ അനുശോചിച്ചും മറ്റും. 1101 ചിങ്ങം 22-നു പരുമല.

543. മട്ടയ്ക്കൽ മല്പാനു. കായങ്കുളത്തു പരിത്തിമൂട്ടിൽ പി. സി. സക്കറിയാ എന്ന കൊച്ചനെക്കുറിച്ച് വേണ്ടതു പ്രവർത്തിക്കണമെന്നും മറ്റും. 1101 ചിങ്ങം 22-നു പരുമല.

544. നെല്ലിമൂട്ടിൽ ചാവടിയിൽ തോമ്മാച്ചന്. മകന്റെ മകളുടെ കല്യാണത്തെക്കുറിച്ച് അനുഗ്രഹ കല്പന.

545. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വർത്തമാനങ്ങൾക്കു.

546. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനു. വർത്തമാനങ്ങൾക്കു.

547. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. പള്ളിക്കൂട സംഗതിയെക്കുറിച്ച് കെ. എം. മാമ്മൻ മാപ്പിളയ്ക്കു കാര്യം എഴുതിയിട്ടുണ്ടെന്നും പുത്തൻകാവു കാരൻ കൊച്ചൻ ... വന്നില്ലെന്നും വരുകിൽ നോട്ടു തിരിച്ചയക്കാമെന്നും ... സാധിക്കുമെന്നും മറ്റും. 1101 ചിങ്ങം 27. പരുമല സിമ്മനാരി.

548. ... പള്ളിക്കാർക്കു. തുമ്പമൺ പള്ളി ഇടവകയിൽ നിന്ന് ഒരു പെൺ കുട്ടിയെ ആരുടെയോ ഒരു കുറിയോടു കൂടി അവിടെ വരുന്നതായി അറിയുന്ന തിനാൽ തുമ്പമൺ പള്ളിക്കും പട്ടക്കാർക്കും ചെല്ലേണ്ടതായ വരുമാനം 25 രൂപ 12 ചക്രം അവിടെ കെട്ടിവെയ്പിച്ചതിന്റെ ശേഷം മാത്രം കല്യാണം നടത്തി കൊടുക്കാവൂ എന്നും ടി സംഖ്യ തുമ്പമൺ ഇടവകയിലെ വികാരിയുടെയും മുതൽപിടിയുടെയും എഴുത്തോടുകൂടി വരുന്ന ജോർജ്ജ് മാത്യുവിനെ ഏല്പിച്ചുകൊള്ളണമെന്നും മറ്റും. 1101 ചിങ്ങം 29. പരുമല സിമ്മനാരി.

549. മട്ടയ്ക്കൽ മല്പാൻ അലക്സന്ത്രയോസ് കത്തനാർക്കു. കേസിനെ ക്കുറിച്ചും മറ്റും.

550. കൈതയിൽ കുഞ്ഞച്ചനു. തൽക്കാല വായ്പ വാങ്ങിച്ചുകൊണ്ടുപോയ പണം ഉടനെ അയച്ചുതരണമെന്നും മറ്റും. 1101 ചിങ്ങം 30. പരുമല സിമ്മനാരി.

551. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. കേസുകളെക്കുറിച്ചും മറ്റും.

552. കൊച്ചുമാമ്മച്ചനു.

പ്രിയനെ, നമ്മുടെ തുമ്പമൺ പള്ളിപ്രമാണികൾ ഓണദിവസം ഇവിടെ നമ്മുടെ അടുക്കൽ വന്നിരുന്നു. പട്ടക്കാരിൽ രണ്ടുപേരും ഉണ്ടായിരുന്നു. കൊച്ചു മ്മൻ വാദ്ധ്യാർ അന്നു മറ്റുള്ളവരോടുകൂടെ വന്നിട്ടുണ്ടായിരുന്നില്ലെങ്കിലും അയാ ളുടെ ആലോചനയും ഇതിൽ ഉണ്ടായിരുന്നു. അവരുടെ ആഗ്രഹങ്ങളും അഭി പ്രായങ്ങളും ചുരുക്കത്തിൽ താഴെ വിവരിക്കുന്നു. പാടിക്കതാഴേലെ സ്കറിയാ വാദ്ധ്യാരെ സംബന്ധിച്ച് അവർക്കു എല്ലാവർക്കും ... ഭേദവും അവരിലില്ല. വൃദ്ധ നായ നായർ വാദ്ധ്യാരെ ... സംബന്ധിച്ച് മുമ്പ് നാം എഴുതി അയച്ചിരുന്നല്ലോ. അവനെ ഇനിയും പുതുക്കിയ ഒരു ശമ്പളത്തിലായാലും അവിടെ ഒരു ജോലി യിൽ നിയമിക്കണം. ഒരു റൈട്ടർ ജോലി പുതിയതായി നിർമ്മിച്ച് അതിലേക്കു നിയമിച്ചാലും മതിയാവും. ട്രെയിനിംഗ് പാസ്സായ ഒരു വാദ്ധ്യാർ തിരുവല്ലാക്കാ രൻ തുമ്പമണ്ണു സ്കൂളിൽ ഉണ്ടല്ലോ. ആ വാദ്ധ്യാർ പലവിധത്തിലും വഴക്കു കളും തർക്കങ്ങളും ഉണ്ടാക്കുന്നവനാകയാൽ അയാളെ അവിടെ നിന്നും .... എം.ജി.എം. സ്കൂളിലോ മറ്റൊരിടത്തേക്കോ മാറ്റിക്കൊണ്ട് അവിടെ നിന്നും ഒരാളെ തുമ്പമൺ സ്കൂളിലേക്കു അയച്ചാലും മതിയാവും. സ്കൂളിൽ ... കൂടു തലായിട്ടാണ് ഇപ്പോൾ ശമ്പളം കൊടുത്തുവരുന്നത്. ഇനിയും കൂടുതൽ ശമ്പളം കൊടുപ്പാൻ ആവശ്യമില്ല. ... കൂടുതലാണ്. ഇത് അവിടുത്തെ സ്ഥിതിക്ക് ആവ ശ്യമില്ലാത്തതാണ്. ശമ്പളം ചുരുങ്ങിയാലും മതിയാവും. ജോലി കിട്ടണമെന്നേ ആഗ്രഹമുള്ളു. ... വിധത്തിൽ ശമ്പളം വർദ്ധിപ്പിക്കുന്നത് അവർക്കു അശേഷവും തൃപ്തിയായിട്ട് കണ്ടില്ല. പാടിക്കതാഴേലെ സ്കറിയായ്ക്കു ഇപ്പോൾ കൊടു ക്കുന്ന ശമ്പളം വളരെ കൂടുതൽ എന്നാണ് അവർ പറയുന്നത്. ... കൊടുക്കണ മെന്നല്ലാതെ ... കൊടുക്കണമെന്ന് ... അഭിപ്രായമില്ല. നല്ലൊരു വാദ്ധ്യാരു ... അയാൾക്കും പകുതി സ്കറിയായ്ക്കും കൊടുത്തു വരുന്നതായിട്ടാണ് നമുക്കു കിട്ടിയിരിക്കുന്ന അറിവ്. ... അവരോടു പറഞ്ഞപ്പോൾ അങ്ങിനെയല്ല മുപ്പതോ മുപ്പത്തഞ്ചോ രൂപാ ഇപ്പോൾ സ്കറിയായ്ക്കു കൊടുത്തു വരുന്നു എന്ന് അവർ അപ്പോൾ ബലമായി തർക്കിച്ച് പറയുകയുണ്ടായി. നമുക്കു കിട്ടിയ ഈ അറിവ് ടി സ്കറിയായാൽ തന്നെ ആയിരുന്നതിനാൽ ഇത് തെറ്റായിരിപ്പാൻ പാടില്ലെന്നു നമ്മുടെ മനസ്സിൽ ഉണ്ടായിരുന്നെങ്കിലും അതൊന്നും അവരോടു പറയുകയു ണ്ടായില്ല. ... വളരെ നിർബന്ധമായുമുള്ള അവരുടെ അപേക്ഷയ്ക്കു ... തന്നെ ഇരിക്കണമെന്നുള്ളതാണ്. അതിലേക്കു വടക്കേത്തല തോമ്മാച്ചന്റെയും ... കൊച്ചുമ്മൻ ... സമ്മതിച്ച് ... അവരിൽ കാണുന്നില്ല. ... ള്ളത് യുക്തവും അല്ല ല്ലോ. ഇവകളെ ... ഉടനെ അറിയിച്ചുതരുമെന്നു വിശ്വസിക്കുന്നു.

553. സ്കറിയാക്കുട്ടിക്കു. പൗരപ്രഭ ... കിട്ടുന്നില്ലെന്നും മേൽവിലാസം തെറ്റി യതിനാലാണെന്നു വിചാരിക്കുന്നു എന്നും മറ്റും. 1101 ചിങ്ങം 30. പരുമല സിമ്മ നാരി.

554. മട്ടയ്ക്കൽ മല്പാനു. കേസുകളെക്കുറിച്ചും മറ്റും. 1101 ചിങ്ങം 31. പരു മല സിമ്മനാരി.

555. മട്ടയ്ക്കൽ മല്പാനു. തിരുവല്ലാക്കാരത്തി ഒരു ... ജോലിക്കാരത്തിയുടെ ഫാദർ ഇവിടെ വന്നു പറഞ്ഞതനുസരിച്ച് അവരുടെ സ്ഥലംമാറ്റത്തെക്കുറിച്ചു ണ്ടായിരിക്കുന്ന പ്രയാസങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ടതു പ്രവർത്തിച്ച് ഈ സാധുവിനു സങ്കട നിവൃത്തി വരുത്തി കാണ്മാൻ ആഗ്രഹിക്കുന്നു എന്ന്. 1101 ചിങ്ങം 31.

556. അമ്പറയിൽ കുരുവിള കൊച്ചുകുരുവിളയ്ക്കു. തന്റെ പണയാധാരപ്ര കാരമുള്ള സംഖ്യ 150 രൂപാ പുത്തൻപുരയ്ക്കൽ ... ഈശോ മാത്തനെ ഏല്പിച്ചു ഒഴിവുമുറി വാങ്ങിക്കണമെന്ന്. 1101 കന്നി 1-നു. പരുമല സിമ്മനാരി.

557. പറമ്പിൽ തോമ്മസ് കോശിക്കു. ടിയാന്റെ ഭാര്യയുടെ ചരമത്തിൽ അനു ശോചിച്ചുകൊണ്ട്.

558. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. കാതോലിക്കാ ബാവായെ അങ്ങോട്ടു കൊണ്ടുപോകുന്നതിൽ നിങ്ങൾ കൂടി ആലോചിച്ചിട്ട് വേണ്ടത് പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു എന്നും മറ്റും.

559. ചക്കിട്ടടത്തു തോമ്മസു കത്തനാർക്കു. അവിടുത്തെ ഇംഗ്ലീഷ് സ്കൂളി നെക്കുറിച്ച് അവസാനമായി തീരുമാനിക്കേണ്ടതിനായി അടുത്ത ഞായറാഴ്ച നിങ്ങൾ ഇതിലേക്കു ആവശ്യപ്പെട്ടവർ ഇത്രടം വന്നുപോകണമെന്നും മറ്റും.

560. വർക്കിപ്പിള്ളയ്ക്കു. കേസുകളെക്കുറിച്ചും വർത്തമാനങ്ങൾക്കും മറ്റും.

561. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. തുമ്പമൺ സ്കൂളിന്റെ കാര്യം.

562. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശ്ശനു. വർത്തമാനങ്ങൾക്ക്.

563. കാതോലിക്കാ ബാവായ്ക്കു. കോറി അബ്ദൽ ഹാദ് അച്ചടിച്ചു പ്രചരി പ്പിച്ചിരിക്കുന്ന അപേക്ഷയുടെ കോപ്പി കിട്ടി എന്നും അതു തിരികെ അയക്കുന്നു എന്നും മറ്റും. 1101 കന്നി 2. ടി സ്ഥലം.

564. കൊച്ചുമാമ്മച്ചനു. തുമ്പമൺ നിന്നു ഒരു എഴുത്തുംകൊണ്ടു വാദിക്ക നായിലെ സ്കറിയായുടെ മകൻ കൊച്ചുമ്മൻ വന്നിരുന്നു എന്നും സ്കറി യായ്ക്കു ജോലി കൊടുക്കാതിരിക്കുന്നത് ... എല്ലാവർക്കും സങ്കടമാണെന്നും ഹെഡ്മാസ്റ്ററെ ഉടനെ പിരിച്ചുവിടുന്നത് ചേർച്ചയല്ലെന്നും സർവ്വീസു കുറഞ്ഞ ആളിനെ പിരിച്ചുവിടുകയാണ് ന്യായം എന്നു പറഞ്ഞിട്ടുണ്ടല്ലോ എന്നും കൊച്ചു മാമ്മച്ചൻ ഒഴിയുന്നത് പള്ളിക്കാർക്കു അശേഷമിഷ്ടം അല്ലെന്നും സ്കൂൾ വക വരവ് ചിലവു കണക്കുകൾ ... അനുസരിച്ച് തോമാച്ചനേയും കൊച്ചുമ്മൻ വാദ്ധ്യാരെയും നിയമിക്കണമെന്നാണ് ആഗ്രഹം എന്നറിയുന്നുവെന്നും മറ്റും. 1101 കന്നി 4. പരുമല.

565. കല്ലറയ്ക്കൽ കുഞ്ചപ്പന്. വട്ടക്കുന്നേൽ വക്കീലിനോടു 350 രൂപ വാങ്ങി കേസുകൾക്കു ചിലവിട്ടുകൊള്ളണമെന്നു.

566. വട്ടക്കുന്നേൽ കുര്യൻ വക്കീലിന്. ചാപ്പൽ വക വരുമാനത്തിൽ നിന്നും 350 രൂപാ കല്ലറയ്ക്കൽ കുഞ്ചപ്പനു കേസുകളുടെ ചിലവിലേക്കായും മറ്റും ഏല്പിക്കണമെന്നും മറ്റു വർത്തമാനങ്ങൾക്കും.

567. എറികാട്ടു കൊച്ചുകുഞ്ചപ്പനു. കേസുകളെക്കുറിച്ചും മറ്റു വർത്തമാന ങ്ങൾക്കും.

568. കിഴക്കേയറ്റത്തു കുഞ്ചപ്പന്. കേസുകളെക്കുറിച്ചുള്ള വിവരത്തിനും മറ്റും.

569. പാറക്കൻ പത്രോസ്. ടി കാര്യം.

570. ചാലിൽ കുഞ്ഞവിരയ്ക്കു. മകന്റെ കല്യാണത്തിനു അനുഗ്രഹ കല്പന.

571. ... കുറിയാക്കോസ് കത്തനാർക്കു. പുത്തൂർ പള്ളിയിൽ എതൃകക്ഷി കൾ ചേരണമെന്നു ആഗ്രഹിക്കുന്നു എങ്കിൽ കൊച്ചുമെത്രാച്ചനുമായി ആലോ ചിച്ചു പ്രവർത്തിക്കണമെന്നും മറ്റും.

572. പുലിക്കോട്ടിൽ ഇട്ടൂപ്പിനു. വിവരം ബഥനി മെത്രാച്ചനു അയക്കുന്നു യെന്നും മറ്റും.

573. ബഥനി മെത്രാച്ചനു. ഇട്ടൂപ്പിന്റെ ഒരു എഴുത്തു ഇതു സഹിതം അയ ക്കുന്നു എന്നും മറ്റും.

574. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. അവിടുത്തെ പള്ളിക്കേ സിനെക്കുറിച്ചും മറ്റു വർത്തമാനങ്ങൾക്കും. 1101 കന്നി 6-നു പരുമല.

575. മട്ടയ്ക്കൽ മല്പാന്. സമരിക്കേസിനെക്കുറിച്ച് (അപ്പീൽ).

576. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു.

577. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. ടി കാര്യം തന്നെ.

578. കൊച്ചുമാമ്മച്ചന്. തുമ്പമൺ ടീച്ചർ പിലിപ്പിനെക്കുറിച്ചു.

579. സി. ടി. ചെറിയാൻ വക്കീൽ. അമയന്നൂർകാരൻ കോശി ... നെക്കുറിച്ച്. ഒരു ജോലി കൊടുക്കണമെന്നും മറ്റും.

580. ചതത്തോടത്തു ചാക്കോച്ചന്. അപ്പന്റെ മരണത്തിൽ സഹതപിച്ചു കൊണ്ടു അനുശോചനക്കത്ത്. 1101 കന്നി 8. പരുമല സിമ്മനാരി.

581. മട്ടയ്ക്കൽ മല്പാന്. കേസുകളെക്കുറിച്ചും മറ്റും. 1101 കന്നി 9. പരുമല സിമ്മനാരി.

582. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. റിവിഷ്യൻ ഒന്നാം തീയതിക്കു അവധി വെച്ചിരിക്കുന്നു എന്നും മറ്റും.

583. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർക്കു. കേസുകളെക്കുറിച്ചു.

584. കിഴക്കേയറ്റത്തു കുഞ്ഞപ്പന്. ടി കാര്യവും മറ്റും.

585. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും.

586. എറികാട്ടു കൊച്ചുകുഞ്ചപ്പനു. ടി കാര്യം.

587. ചെറിയാൻ കുരിയയ്ക്ക്. ചെറിയാൻ കുരിയയെക്കുറിച്ച് നമുക്കു അങ്ങനെ എതിരഭിപ്രായമുള്ളതായി ഒരുത്തരോടും നാം പറഞ്ഞതായി ഓർക്കുന്നില്ലെന്നും മറ്റും. 1101 കന്നി 15. പരുമല സിമ്മനാരി.

588. ... സ്കറിയാ കത്തനാർക്കു. തെരുവിലെ വീട്ടിൽ കറിയാച്ചന്റെ മകൻ നമ്മുടെ സ്കൂളിൽ പഠിക്കുന്ന കൊച്ചന്റെ ഫീസിൽ പകുതി ഇളവ് ചെയ്തു കൊടുക്കണമെന്ന്. 1101 കന്നി 15. പരുമല.

589. മണ്ണൂച്ചേരിൽ ... ഉമ്മൻ. മത്തായി ശെമ്മാശന്റെ കാര്യത്തിൽ അനുശോചിച്ചു.

590. ചെറിയമഠത്തിൽ കൊച്ചുകത്തനാർക്കു. അടുത്തുതന്നെ കണ്ടു സംസാരിക്കണമെന്നു ആഗ്രഹിക്കുന്നു എന്നും മറ്റും. 1101 കന്നി 16. പരുമല.

592. മുറിമറ്റത്തിൽ ഗീവറുഗീസ് കത്തനാർക്കു. വിവരങ്ങൾക്കും മറ്റും.

593. പറമ്പിൽ കൊച്ചുമ്മൻ മാസ്റ്റർക്കു. പുത്തൻകാവുകാരന്റെ കേസിനെക്കുറിച്ചും അതു തിരികെ അയക്കണമെന്നും.

594. കിഴക്കേയറ്റത്തു ചാക്കോ ഉതുപ്പാനു. വർത്തമാനത്തിനു.

595. മട്ടയ്ക്കൽ മല്പാൻ അലക്സന്ത്രയോസ് കത്തനാർക്കു. വിവരം അറിഞ്ഞു പോന്നാൽ മതിയെന്നും ... എന്നും മറ്റും. 1101 കന്നി 17.

1101 കന്നി 21-നു പുനരു കേസ് എതൃഭാഗക്കാർക്കു നോട്ടീസ് കൊടുക്കുന്നതിനു തിരുവനന്തപുരത്തു നിന്നു ... കമ്പി കിട്ടി.

596. കല്ലറയ്ക്കൽ കുഞ്ചപ്പന്. പുനരപ്പീൽ സ്വീകരിച്ച് നോട്ടീസിനുത്തരവിട്ടിരിക്കുന്നു എന്നുള്ള വിവരത്തിന്. 1101 കന്നി 22-നു. പരുമല സിമ്മനാരി.

597. തേരകത്തു ചെറിയാൻകുഞ്ഞിന്. ടി കാര്യം.

598. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. ടി കാര്യം.

599. പി. എം. കൊച്ചയ്പ്പു വാദ്ധ്യാർ. ടിയും പെരുന്നാളിൽ പ്രസംഗകാര്യവും.

600. മുറിമറ്റത്തു ഗീവറുഗീസു കത്തനാർ. ടി കേസിന്റെ വിധി സംബന്ധിച്ച്.

601. പാലപ്പള്ളി പൗലോസു കത്തനാർക്കു. ടി കാര്യം.

602. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. ടി കാര്യം.

603. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ. ടി കാര്യം.

604. ചാക്കോ സൂപ്രണ്ടിന്. ടി കാര്യം.

605. പള്ളിവാതുക്കൽ പി. എസ്. ഔസേപ്പ് വക്കീലിനു. ടി കാര്യവും തുമ്പമൺ സ്കൂൾ കാര്യവും.

606. പി. സി. കൊച്ചുമ്മൻ വാദ്ധ്യാർക്കു. ടി കാര്യങ്ങളും പുത്തൻകാവുകാരൻ കൊച്ചന്റെ നോട്ടിന്റെ കാര്യം ആളയക്കുമ്പോൾ കോട്ടയത്തു തരണമെന്നും മറ്റും. 1101 കന്നി 22-നു പരുമല.

607. കെ. സി. ഈപ്പൻ അവർകൾക്കു. കേസിന്റെ വിധിയെക്കുറിച്ചും ഇലഞ്ഞിക്കലെ ഉതുപ്പച്ചനു 100 രൂപ കൊടുത്തു നമ്മുടെ പേരിൽ ചിലവ് എഴുതിക്കൊള്ളണമെന്നും മറ്റും.

608. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. കേസുകളുടെ കാര്യത്തിൽ ... രൂപാ തരുന്നതിന് കൊച്ചീപ്പച്ചന്റെ പേർക്കു കത്തു അയക്കുന്നു എന്നും മറ്റും.

609. ഇ. ജെ. ജോൺ വക്കീലിനു. കേസുകളെക്കുറിച്ചറിഞ്ഞതിൽ സന്തോഷിക്കുന്നു എന്നു. 1101 കന്നി 23. പരുമല സിമ്മനാരി.

610. ആലുമൂട്ടിൽ മൂത്ത കുഞ്ഞിന്. കണ്ണു വൈദ്യന്റെ ചിട്ടിക്കാര്യത്തെക്കുറിച്ച്.

611. വള്ളിയിൽ ഫീലിപ്പോസ് കത്തനാർക്കു. ജ്യേഷ്ഠനും ആലുംമൂട്ടിലെ മൂത്ത കുഞ്ഞും കൂടി നടത്തിയ ചിട്ടിയിൽ കണ്ണുവൈദ്യൻ ചേർന്നിരുന്ന 5 നമ്പരു ചിട്ടിയ്ക്കു വേണ്ടുന്ന തവണ സംഖ്യയ്ക്കു എടുപ്പുചിട്ടിയ്ക്കു നോട്ടു എഴുതിക്കൊടുത്തിരുന്നതായും ചിട്ടിയ്ക്കു മുടക്കം വരികയാൽ വരിസംഖ്യ ഉപക്ഷിച്ചേക്കാമെന്നു തൊമ്മൻ കോര വരിസംഖ്യയ്ക്കു നമ്പരു കൊടുത്തു ഉപദ്രവിക്കരുതെന്നും നമ്മുടെ മദ്ധ്യസ്ഥത മൂലം നിങ്ങളോടു അപേക്ഷിക്കുന്നു എന്നും ഈ ഏർപ്പാട് തീർന്നു കാണ്മാനാഗ്രഹിക്കുന്നു എന്നും.

612. തഴവാ പള്ളി വികാരി പുത്തൻപുരയ്ക്കൽ കോശി കത്തനാർക്കു. ഇപ്പോഴത്തെ മുതൽപിടിയെ മാറ്റി വേറൊരുത്തനെ തിരഞ്ഞെടുക്കാനും മറ്റും ഒരു എഴുത്തു കിട്ടിയതിനു കൊച്ചുമെത്രാച്ചനെ വരുത്തി കാര്യം നീക്കുകയോ അല്ലാത്തപക്ഷം നിങ്ങൾ പള്ളിക്കാരിൽ രണ്ടു മൂന്നു പേർ ഇത്രടം വന്നു വിവരമായി കാര്യം മനസ്സിലാക്കണമെന്നും.

613. പള്ളിവാതുക്കൽ യൗസേഫ് വക്കീലിനു. നിയമനകാര്യം കൊച്ചുമാമ്മച്ചന്റെ പേർക്കു എഴുതിയിട്ടുണ്ടെന്നും ഇനിയും എഴുതേണ്ടതില്ലെന്നും ആവശ്യപ്പെടുമ്പോൾ ... കൊടുത്തയയ്ക്കണമെന്നും മറ്റും. 1101 കന്നി 21-നു. പരുമല സിമ്മനാരി.

614. ഇ. ജെ. ഫീലിപ്പോസ് അവർകൾക്ക്. കേസിന്റെ മേൽനടപടിയെക്കുറിച്ചും മറ്റും. 26-2-1101. പരുമല സിമ്മനാരി.

615. മട്ടയ്ക്കൽ മല്പാന്. കോനാട്ടച്ചന്റെ സാക്ഷിവിസ്താരം നീട്ടിക്കൊണ്ടു പോകരുതെന്നും മറ്റും.

616. പി. ജേക്കബ് കുര്യന്. മകളുടെ കല്യാണത്തെ സംബന്ധിച്ച് അനുഗ്രഹ കല്പന.

617. സി. വി. ഇയ്യുവിനു. വർത്തമാനങ്ങൾക്കു.

618. ശങ്കരത്തിൽ മത്തായി കത്തനാർക്കു. കൂരമ്പാല പള്ളിയിലെ പൂജാപാത്രങ്ങൾ മോഷ്ടിച്ചു കൊണ്ടുപോയി എന്നു അറിഞ്ഞു എന്നും മറ്റും.

619. പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശനു. വർത്തമാനങ്ങൾക്കു.

620. മണലിൽ കോശി ഗീവറുഗീസിനു. എതൃകക്ഷികളുടെ ഭീഷണികളെക്കുറിച്ച് ഭയന്നിട്ടാവശ്യമില്ലെന്നും മറ്റും.

621. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. കേസ്സുകളുടെ കാര്യത്തിനായി കക്ഷികളുടെ ഒരു ലിസ്റ്റു അയച്ചുതരണമെന്നും മറ്റും. 1101 കന്നി 27-നു പരുമല സിമ്മനാരിയിൽ നിന്നും.

622. കരിങ്ങാട്ടിൽ യൗസേപ്പ് വക്കീലിനു. ചെ. മു. കോ. 1042 നമ്പർ കേസിനെക്കുറിച്ച് ... പത്രിക കൊടുക്കണമെന്നു. 1101 കന്നി 29. പരുമല സിമ്മനാരി.

623. ചിറക്കടവിൽ അബ്രഹാം അവർകൾക്ക്. പരിശോധന അപ്പീൽ നോട്ടീസിനു ഉത്തരവിട്ടിരിക്കുന്നതിനാൽ എല്ലാ കക്ഷികൾക്കും നോട്ടീസു വരുമെന്നും അതിനാൽ നമ്മുടെ പ്രിയനും നോട്ടീസ് കൈപ്പറ്റി ഒപ്പിട്ടയക്കണമെന്നും മറ്റും.

624. തറയിൽ തോമ്മസിനും

625. കരവട്ടു സീമോൻ ഐപ്പോരയ്ക്കും

626. തടിയൻ കുഞ്ഞിപൗലോ കോരയ്ക്കും.

627. ചെറുവത്തൂർ മാത്തു ഉതുപ്പിനും

628. കലെക്കാട്ടിൽ തോമ്മസ് കത്തനാർക്കും

629. ചെറിയാൻ കൊച്ചുകോരയ്ക്കും.

630. വേണാട്ടുകളത്തിൽ യോഹന്നാൻ കത്തനാർക്കും.

631. ചന്തിരത്തിൽ പീലിക്കുഞ്ഞിനും

632. മങ്കുഴിയിൽ ഗീവറുഗീസ് കത്തനാർക്കും

633. കിഴക്കേത്തലയ്ക്കൽ തോമ്മസു കത്തനാർക്കും ടി സംഗതിയെക്കുറിച്ചു എഴുതി അയച്ചു. 1101 കന്നി 29-നു പരുമല സിമ്മനാരി.

634. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കു. പരിശോധന അപ്പീലിന്റെ നോട്ടീസ് ഒപ്പിട്ടയക്കണമെന്ന്.

635. ഫാദർ അലക്സിയോസിനു.

636. താഴത്തെപീടികയിൽ അലക്സന്ത്രയോസ് കത്തനാർക്കു.

637. തെക്കേടത്തു സ്കറിയാ കത്തനാർക്കു.

638. പാറേട്ടു മാത്യൂസ് കത്തനാർക്കു.

639. പുത്തൻപുരയ്ക്കൽ യാക്കൂബ് കത്തനാർക്കു.

640. തേവറുവേലിൽ ഈശോ ശെമ്മാശന്.

641. വള്ളിയിൽ ഗീവറുഗീസ് കത്തനാർക്കു.

642. കളപ്പുരയ്ക്കൽ പുന്നൂസ് കത്തനാർക്കു.

643. വടക്കേടത്തു കൊച്ചുമ്മന്. ടി സംഗതിയെക്കുറിച്ചും മറ്റും എഴുതി അയച്ചു. 1101 കന്നി 30-നു പരുമല സിമ്മനാരി.

644. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചന്. കേസിനെക്കുറിച്ചും മറ്റും എഴുതി. 1101 കന്നി 30. പരുമല സിമ്മനാരി.

645. പുതിയകാവ് പള്ളിക്കാർക്കു.

പ്രിയരെ, തോനയ്ക്കാടുപള്ളി ഇടവകയിൽ ഇലഞ്ഞിമേൽ തെക്കേടത്തു മാത്തുണ്ണി മകൻ സ്കറിയാ എന്നവൻ പുതിയകാവ് ഇടവകയിൽ മറ്റത്തു തെക്കുമുറി മരോട്ടിമൂട്ടിൽ ഗീവറുഗീസിന്റെ മകൾ റാഹേൽ എന്ന പെണ്ണിനെ നമ്മുടെ സഭയുടെ നിയമവും ജാതിമര്യാദയും അനുസരിച്ച് 96-മാണ്ടു വിവാഹം കഴിച്ചതിന്റെ ശേഷം കുറെ നാളുകൾ ടി പെണ്ണു ഭർത്താവിനോടുകൂടി ടിയാന്റെ കൂടെ പാർപ്പിച്ചു വന്നു എങ്കിലും ഇപ്പോൾ രണ്ടു വർഷത്തോളമായി ടി പെണ്ണു പെണ്ണിന്റെ പിതാവിന്റെ വീട്ടിൽ പിതാവിനോടുകൂടെ താമസിച്ചു വരികയാണെന്നും ഭർത്താവ് പലപ്പോഴും ആവശ്യപ്പെട്ടാറെയും പെണ്ണു ഭർത്താവിന്റെ കൂടെ പോകയോ പിതാവ് പെണ്ണിനെ അയക്കയോ ചെയ്യുന്നില്ലെന്നുമാണു മേല്പടി വിവാഹം വേർപെടുത്തുവാൻ തക്കവിധത്തിൽ സ്ത്രീയെ തിരികെ കൊടുപ്പിക്കണമെന്നും പരമാർത്ഥത്തിനെതിരായി ചില ... ഭർത്താവിനെയും മറ്റും പ്രതി ചേർത്തു ... കേസു കൊടുത്തു നടത്തി വരുന്നെന്നും മറ്റും ടി മാത്തുണ്ണി സ്കറിയാ നമ്മുടെ അടുക്കൽ വന്നു സങ്കടം ബോധിപ്പിച്ചിരിക്കുന്നു.

പ്രിയരെ, നമ്മുടെ സഭാനിയമങ്ങൾ അനുസരിച്ച് വിവാഹം വേർപെടുത്തുവാൻ പാടില്ലാത്തതാണെന്നു നാം പ്രത്യേകം പറയണമെന്നില്ലല്ലോ. അതിനാൽ നിങ്ങൾ പള്ളിക്കാർ പെണ്ണിനെയും പിതാവിനെയും വരുത്തി പറഞ്ഞു പെണ്ണിനെ ഭർത്താവിനോടു കൂടി അയപ്പാൻ തക്കവണ്ണവും കേസു രാജിപ്പെടുത്തി തീർക്കാൻ തക്കവണ്ണവും ഇരുകൂട്ടരെയും സമ്മതിപ്പിച്ച് ഈ സാധുവിന്റെ സങ്കടത്തിന് നിവൃത്തിയുണ്ടാക്കി കൊടുക്കണം. ഇങ്ങനെയുള്ള സംഗതികൾ കോടതിയുടെ യുക്തംപോലെ വിധിക്കുന്നതിനിടയാക്കാതെ സഭാനിയമമനുസരിച്ച് നടപ്പാൻ തക്കവണ്ണം നിർബന്ധിക്കയും ചെയ്യേണ്ടത് പള്ളിക്കാരുടെ ചുമതലയാണെന്ന് പ്രത്യേകം നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. 1101 കന്നി 30-ന്. പരുമല സിമ്മനാരി.

646. കെ. കെ. തോമ്മസ് അവർകൾക്കു. എം. എം. ഐപ്പിനെ പുതിപ്പള്ളി സ്കൂളിൽ ഒരു വാദ്ധ്യാരായി നിയമിച്ചാൽകൊള്ളാമെന്നും മറ്റും.

647. കരവാശേരിൽ അവരാ തോമസ്സിനു. ... പോകുന്ന കാര്യത്തെക്കുറിച്ചു കേട്ടെന്നും മറ്റും.

648. റ്റി. കെ. യൗസേപ്പ് ശെമ്മാശനു. ബി.എ. പാസ്സായതിൽ അനുമോദിച്ചുകൊണ്ടു.

649. പി. കെ. കുര്യനു. വർത്തമാനങ്ങൾക്കു.

650. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. മുളന്തുരുത്തി നിശ്ചയങ്ങൾ അയച്ചുതരുന്നതിന് തിരുവനന്തപുരത്തിനെഴുതിയിട്ടുണ്ടെന്നും വർത്തമാനങ്ങൾക്കും.

651. പി. കെ. ഇട്ടിമാത്തുവിനു. നിങ്ങൾക്കു തരുവാനുള്ള തുക മുഴുവനുമോ പകുതിയോ താമസിയാതെ അയച്ചുതരുമെന്നു.

652. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും.

653. ചാക്കോ സൂപ്രണ്ടിനു. വർത്തമാനങ്ങൾക്കും പത്രോസ് ശെമ്മാച്ചന്റെ കാര്യത്തെക്കുറിച്ചും മറ്റും.

654. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. ... മുളന്തുരുത്തി നിശ്ചയങ്ങളും അയച്ചു തരണമെന്നു. 1101 തുലാം 1.

655. തലവടി പടിഞ്ഞാറേക്കര പള്ളിക്കാർക്കു.

പ്രിയരെ, 1096 മിഥുനം 1-നു മുതൽ 1101 കന്നി 26-നു വരെയുള്ള ആ പള്ളിവക വരവുചിലവുകളുടെ കണക്കു യോഗം കൂടി കേട്ടു തീർത്തു ... സമ്മതിച്ചു പാസ്സാക്കി. ... ഒപ്പും മുദ്രയും വെച്ച് തിരികെ തന്നിട്ടുള്ളത് മുൻ ട്രസ്റ്റികൾ കൈവശം സൂക്ഷിച്ചുകൊള്ളുകയും പള്ളിക്കാർക്കു ആവശ്യപ്പെടുന്ന സമയങ്ങളിൽ ഹാജരാക്കിക്കൊള്ളുകയും ചെയ്യേണ്ടതാകുന്നു. മേൽ ഒരാണ്ടേക്കു മുതൽ ചുമതല മുതലായ ... സംബന്ധമായ സകല ചുമതലകളും വഹിക്കുന്നതിന് ട്രസ്റ്റിയായി ... തുരുത്തേൽ പുത്തൻവീട്ടിൽ വൈദ്യൻ യോഹന്നാൻ കൊച്ചാണ്ടിയെയും കണക്കെഴുത്തിന് ... ചാക്കോയേയും നിങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നതിനെ രേഖപ്പെടുത്തി ഈ കല്പന മൂലം ടി ചുമതലകൾക്ക് അവരെ നിയമിച്ചിരിക്കുന്നതിനാൽ അവർ ടി ചുമതലകളെ സത്യമായും കൃത്യമായും നിർവഹിച്ചുകൊള്ളണം. നിങ്ങളിൽ കളത്തിൽ മാത്തൻ അവിരായേയും അമ്പയിൽ കുരുവിള ചാക്കോയേയും നാലാങ്കൽ പുത്തൻവീട്ടിൽ പെരുമാൾ വർക്കിയെയും കുമ്പത്താനത്തായ പാലത്തുങ്കൽ ചാക്കോ അവിരായേയും വട്ടപ്പറമ്പിൽ കൊച്ചെറിയാ ചെറിയാനെയും ... തുരുത്തേൽ പുത്തൻവീട്ടിൽ വൈദ്യൻ യോഹന്നാൻ കൊച്ചാണ്ടിയെയും വികാരിയെയും കമ്മിറ്റിക്കാരായ നിങ്ങളുടെ അപേക്ഷപ്രകാരം നിയമിച്ചിരിക്കുന്നതിനാൽ ചുരുങ്ങിയപക്ഷം അവരിൽ ഭൂരിപക്ഷത്തിന്റെ ആലോചനയും അഭിപ്രായവും അനുസരിച്ച് നമ്മുടെ ആജ്ഞാനുസരണം ചുമതലക്കാർ ചുമതല നടത്തിക്കൊള്ളേണ്ടതാണ്. പള്ളിവക ജംഗമ സാമാനങ്ങളും കണക്കു മുതലായ റിക്കാർട്ടുകളും മുൻ ... മുൻ ട്രസ്റ്റിക്കു പള്ളിവകയിൽ നിന്നു ചെല്ലുവാനുള്ളതു ഇനി ... രസീതു വാങ്ങിച്ചുകൊണ്ടും ... 1101 തുലാം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

656. ആനപ്രാമ്പാൽ പള്ളിക്കാർക്കു. വികാരി ആറ്റുമാലിൽ സ്കറിയാ കത്തനാർക്കു ഇപ്പോഴത്തെ ശമ്പളത്തിൽ കൂടുതൽ കൊടുക്കണമെന്നും മറ്റും. 1101 തുലാം 8-നു പരുമല നിന്നും.

657. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. മുളന്തുരുത്തി സുന്നഹദോസ് നിശ്ചയത്തിന്റെ ഒരു അച്ചടിച്ച പകർപ്പ് രജിസ്റ്റർ ബുക്ക് പോസ്റ്റായി അയയ്ക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

658. പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശനു. വർത്തമാനങ്ങൾക്കും മറ്റും എഴുതിയയച്ചു.

659. ഐരംപള്ളിൽ പാപ്പിക്കു. ... പ്രവേശനത്തെക്കുറിച്ചു.

660. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. കേസിന്റെ വിവരത്തിനു.

661. കരവട്ടു കുഞ്ഞിക്കോര മത്തായിക്കു. വർത്തമാനത്തിനും മറ്റും.

662. പയ്യമ്പള്ളിൽ മൂപ്പച്ചനു. പുന്നവേലി പള്ളിക്കാര്യത്തെക്കുറിച്ചു മൂപ്പച്ചനുമായി ആലോചിച്ചു പ്രവർത്തിക്കണമെന്നും മറ്റും.

663. തഴവാ യാക്കൂബ് ക്ലേറിക്കു. പട്ടക്കാരുടെ കുട്ടികളെ മാമോദീസാ മുക്കുമ്പോൾ പള്ളിവക പണം മേടിക്കുമെന്നും മറ്റും.

664. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസുകളെക്കുറിച്ചും വർത്തമാനങ്ങൾക്കും രജിസ്റ്റർ കത്തു അയച്ചു. 1101 തുലാം 5-നു പരുമല.

665. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും.

(മുദ്ര)

മലങ്കരയുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും കൈക്കാരരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, കാലം ചെയ്ത ഇവിടെ കബറടങ്ങിയിരിക്കുന്ന നമ്മുടെ വന്ദ്യപിതാവും ഏവരുടേയും ഭക്തിബഹുമാനാദരവുകൾക്കു പാത്രീഭൂതനായിത്തീർന്നിട്ടുള്ള മഹാപരിശുദ്ധനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളുടെ ഓർമ്മ ആണ്ടുതോറും ഇവിടെവെച്ച് ആഘോഷമായി കൊണ്ടാടുക പതിവുണ്ടല്ലോ. മുൻ പതിവുപോലെ ഈ ആണ്ടിലും ആ പരിശുദ്ധ പിതാവിന്റെ ഓർമ്മ 1925-ന് കൊല്ലം 1101-ാംമാണ്ടു ഈ തുലാമാസം 20-ന് മലയാളകണക്ക് 17-ന് തിങ്കളാഴ്ച ഭക്തിപൂർവ്വം ആഘോഷമായി ഇവിടെവെച്ച് കൊണ്ടാടുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഇതിനാൽ നിങ്ങളെ എല്ലാവരെയും അറിയിച്ചുകൊള്ളുകയും ഇതിൽ സംബന്ധിച്ചു ദൈവപ്രസാദവും അനുഗ്രഹവും പ്രാപിപ്പാൻ ആഗ്രഹമുള്ള ഏവരേയും ഇതിനാൽ നാം ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളെല്ലാവരിലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1925-നു കൊല്ലം 1101-മാണ്ടു തുലാ മാസം 6-നു. പരുമല സിമ്മനാരിയിൽ നിന്നും.

(ഒരു പ്രതി മനോരമയ്ക്കും ഒന്ന് പൗരപ്രഭയ്ക്കും)

(തുടരും)


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



12

ഫാ. അലക്സിയോസിന്റെ രണ്ടാമത്തെ യൂറോപ്യൻ പര്യടനം

ആംഗ്ലിക്കൻ, ലൂതറൻ, ഈസ്റ്റേൺ ഓർത്തഡോക്സ് തുടങ്ങിയ സഭകളിലെ ചില പ്രമുഖന്മാർ സ്വിറ്റ്സർലണ്ടിലെ ലൊസെയിൻ പട്ടണത്തിൽ വച്ച് വിശ്വാസം, പട്ടത്വം എന്നീ വിഷയങ്ങളെ അധികരിച്ച് ഒരു സമ്മേളനം നടത്തി. ഈ സുപ്രധാന യോഗത്തിൽ സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ പ്രതിനിധിയായി മാർ അപ്രേമും (പിന്നീട് പാത്രിയർക്കീസ്) സംബന്ധിച്ചിരുന്നു. മലങ്കരസഭ ഈ സമ്മേളനത്തിലേക്കു ക്ഷണിക്കപ്പെട്ടിരുന്നില്ല. എങ്കിലും മലങ്കരസഭാ നേതാക്കന്മാർക്ക് ഇംഗ്ലണ്ടിൽ നിന്നും മറ്റും വന്നുകൊണ്ടിരുന്ന പ്രസിദ്ധീകരണങ്ങളിൽ നിന്ന് ഈ സമ്മേളനത്തെക്കുറിച്ച് അറിവ് ലഭിച്ചിരുന്നു.

ഫാ. അലക്സിയോസും എ. എം. വർക്കിയും നേരത്തേ മൂന്നു നാലു മാസക്കാലം ഇംഗ്ലണ്ടിൽ താമസിച്ചിരുന്നതിന്റെ ഫലമായിട്ടാണ് മേൽപ്പറഞ്ഞ ലൊസെയിൻ കോൺഫ്രൻസിൽ സംബന്ധിച്ചിരുന്ന ആംഗ്ലിക്കൻ സഭാനേതാക്കന്മാർക്ക് മലങ്കരസഭയെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളെപ്പറ്റിയും വേണ്ടത്ര അറിവു ലഭിച്ചത്. തന്മൂലം 1937–ൽ ഓക്സ്ഫഡിലും തുടർന്ന് എഡിൻബറോയിലും ചേർന്ന വിശ്വാസവും പട്ടത്വവും സമ്മേളനങ്ങളിൽ ഔദ്യോഗികമായി സംബന്ധിക്കുവാൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു ക്ഷണം ലഭിച്ചു. എഡിൻബറോ സമ്മേളനത്തിൽ 48 രാജ്യങ്ങളിൽ നിന്ന് 122 സഭകളിലെ 413 പ്രതിനിധികൾ സംബന്ധിച്ചിരുന്നു. മലങ്കരസഭയെ പ്രതിനിധാനം ചെയ്തത് പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും ബഥനിയിലെ അലക്സിയോസ് റമ്പാനും (പിന്നീട് മാർ തേവോദോസിയോസ്) പത്തനാപുരം ദയറായിലെ സി. എം. തോമസ് റമ്പാനും (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ്) ആയിരുന്നു. ആലുവാ ഫെലോഷിപ്പ് ഹൗസിലെ പരേതനായ എം. തൊമ്മനും കോട്ടയം കല്ലുപുരയ്ക്കൽ കെ. ഫിലിപ്പോസ് ശെമ്മാശനും (മാർ തെയോഫിലോസ്) അന്ന് ഇംഗ്ലണ്ടിൽ വൈദിക പഠനം നടത്തി വന്നിരുന്നതിനാൽ അവരും ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

ലോകമെങ്ങുമുള്ള വിവിധ സഭാനേതാക്കന്മാരുമായും പ്രത്യേകിച്ച് മറ്റ് ഓർത്തഡോക്സ് സഭാപ്രതിനിധികളുമായും സമ്പർക്കത്തിൽ ഏർപ്പെട്ടതിനാൽ അതതു സഭകളുടെ വിശ്വാസപരമായ കാര്യങ്ങളും മറ്റും, അടുത്തറിയുവാൻ മലങ്കരസഭാ പ്രതിനിധികൾക്ക് സാധിച്ചത് ഒരു ദൈവിക നടത്തിപ്പാണ്; സംശയമില്ല.

ഇതേപ്പറ്റി ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് ബഥനിയുടെ പനിമലർ എന്ന പ്രസിദ്ധീകരണത്തിൽ ഇപ്രകാരം പറയുന്നുണ്ട് (പേജ് 37 മുതൽ): “നമ്മുടെ സഭ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ സജീവമായി പ്രവേശിച്ചത്

1937-ലെ വിശ്വാസവും പട്ടത്വവും സംബന്ധിച്ച സമ്മേളനത്തോടു കൂടിയാണ്. ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ്, ആംഗ്ലിക്കൻ സഭകളിലെ നൂറിൽപരം പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. സഭകളുടെ ലോകകൗൺസിൽ രൂപവൽക്കരിക്കണമെന്ന് ഈ സമ്മേളനം തീരുമാനിച്ചു. ഇങ്ങനെ ഒരു സുപ്രധാന തീരുമാനം എടുത്തതിൽ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവായും പിന്നീട് സഭാ മേലദ്ധ്യക്ഷന്മാരായിത്തീർന്ന രണ്ടു റമ്പാന്മാരും ചേർന്ന പ്രതിനിധി സംഘത്തിന്റെ പൂർണ്ണ ഭാഗഭാഗിത്വം ഉണ്ടായിരുന്നു എന്നത് നമുക്കെത്രയും അഭിമാനത്തോടുകൂടി സ്മരിക്കാവുന്നതാണ്. മാത്രമല്ല അന്ന് ആരംഭിച്ച സഭകളുടെ ലോക കൗൺസിലിന്റെ ഇൻഫർമേഷൻ സംബന്ധിച്ച തുടർച്ചാകമ്മിറ്റിയിൽ മാർ തേവോദോസ്യാസും അംഗമായിരുന്നു. ... 1937-ലെ എഡിൻബറോ സമ്മേളനവും നമ്മുടെ സഭയെ സംബന്ധിച്ച് ഒരു വലിയ വഴിത്തിരിവ് ആയിരുന്നു - വിദൂര ഭാരതത്തിൽ നിന്ന് ഒരു പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ തലവൻ ഉൾപ്പെടെ മൂന്നു പ്രതിനിധികൾ സംബന്ധിച്ചു എന്നത് ഒരു അപ്രധാന സംഗതി ആയിരുന്നില്ല - ഒരു ഇന്ത്യൻ സഭ പുതിയ കാഴ്ചപ്പാടിൽ അറിയപ്പെടാൻ തുടങ്ങി. ലോകസഭകളുടെ ഇടയിൽ അതിനൊരു സ്ഥാനവും ഉണ്ടായി. അന്ന് കാതോലിക്കാ ബാവാ അർപ്പിച്ച വി. കുർബ്ബാനകളിൽ ഒട്ടധികംപേർ സംബന്ധിച്ചു. ..."

ആരാധനാലോകത്തിലെ ഏറ്റവും പുരാതനമായ യാക്കോബിന്റെ തക്സായനുസരിച്ചാണു കുർബ്ബാന ചൊല്ലിയതെന്നറിഞ്ഞപ്പോൾ ആരാധകർ പുളകിതഗാത്രരായി. എസ്.പി.സി.കെ. ഇംഗ്ലീഷ് കുർബ്ബാന തക്സാ ഓഫ്സെറ്റ് പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ എഡിൻബറോ കോൺഫ്രൻസിലൂടെ നമ്മുടെ സഭ സജീവമായി രംഗപ്രവേശനം ചെയ്തു. ഇതിന്റെ ഉത്തരവാദി പ്രധാനമായും മാർ തേവോദോസ്യോസായിരുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ... കാന്റർബറി ആർച്ച് ബിഷപ്പ് തുടങ്ങി പല സഭാനേതാക്കളെയും അവർ സന്ദർശിച്ചു. വിദേശാധിപത്യം വലിച്ചെറിഞ്ഞ് സഭയുടെ പൂർണ്ണ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള യത്നത്തിലാണ് മലങ്കര സഭയെന്ന് അവർ മറ്റുള്ളവരെ മനസ്സിലാക്കി. ഇതിനും നേതൃത്വം നൽകിയത് മാർ തേവോദോസ്യോസ് ആയിരുന്നു.

എഡിൻബറോ കോൺഫ്രൻസിൽ സംബന്ധിച്ചതു മൂലമുണ്ടായ മറ്റൊരു പ്രധാന നേട്ടം ലോകത്തിലെ ഇതര ഓർത്തഡോക്സ് സഭകളെ അറിയുന്നതിനും അവരുമായി സമ്പർക്കത്തിലേർപ്പെടുന്നതിനും സന്ദർഭം ലഭിച്ചു എന്നുള്ളതാണ്. ചില സഭകൾ സന്ദർശിക്കുന്നതിനു ക്ഷണവും ഉണ്ടായി. ഇംഗ്ലണ്ടിലേക്കുള്ള യാത്രാവേളയിൽത്തന്നെ പാരീസിലെ റഷ്യൻ ഓർത്തഡോക്സ് മെത്രാപ്പോലീത്താ യവുലോഗിയോസിന്റെ ക്ഷണം സ്വീകരിച്ച് അവിടെ ചില ദിവസങ്ങൾ താമസിച്ചു. അന്നുണ്ടായ സംഭാഷണങ്ങളെപ്പറ്റി ഡോ. സാൻഡർ ആയിടെ എഴുതിയ ഒരു പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 'ക്രിസ്റ്റോളജി'യെപ്പറ്റി ചർച്ച ആരംഭിച്ചു. സുറിയാനിക്കാരെ 'Monophysite Jacobites' എന്നു മറ്റ് ഓർത്തഡോക്സുകാർ മുദ്രകുത്തി വേദവിപരീതികളായി തള്ളിയിരുന്നു. ക്രിസ്തുവിന്റെ ഏകസ്വഭാവം എന്നത് എന്താണെന്ന് മലങ്കരസഭയുടെ വിശ്വാസത്തെ മുൻനിറുത്തി കാതോലിക്കോസ് വിവരിച്ചു (പേജ് 40). അതു കേട്ടു കഴിഞ്ഞപ്പോൾ വൃദ്ധനായ യവുലോഗിയോസ് മെത്രാപ്പോലീത്താ ചാടിയെഴുന്നേറ്റ് "അങ്ങു പറയുന്നതു തന്നെയാണ് ഞങ്ങളുടെയും വിശ്വാസം. അതുകൊണ്ട് നാം ഒന്നാണ് (What you say is also our faith. So we are one.) എന്ന് ആഹ്ലാദത്തോടെ പറഞ്ഞ് ചുംബിച്ചു. ...

പിന്നീട് ലഭിച്ച ക്ഷണം യൂഗോസ്ലോവിയായിലെ സേർബിയൻ പാത്രിയർക്കീസിന്റേതായിരുന്നു. ഒരു പാത്രിയർക്കീസിനടുത്ത എല്ലാ ബഹുമതികളോടും കൂടി കാതോലിക്കാ ബാവാ സ്വീകരിക്കപ്പെട്ടു.

ഈ സമ്പർക്കങ്ങളിലൂടെ (പേജ് 41) ബൈസന്റയിൻ സഭകളും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ക്രിസ്റ്റോളജി സംബന്ധമായ തെറ്റിദ്ധാരണകൾ നീക്കുവാൻ കഴിയുമെന്ന് മാർ തേവോദോസ്യാസ് വിശ്വസിച്ചിരുന്നു.

വിശ്വാസപരമായ കാര്യങ്ങളിൽ എഡിൻബറോയിൽ സംബന്ധിച്ച വിവിധ ഓർത്തഡോക്സ് സഭകൾ തമ്മിൽ Terminology (സാങ്കേതിക പദപ്രയോഗങ്ങൾ) സംബന്ധിച്ച വ്യത്യാസമേയുള്ളു എന്നും കാതലായ കാര്യങ്ങളിൽ ഐക്യം ഉണ്ടെന്നുമുള്ള വസ്തുത കിഴക്കൻ സഭാപ്രതിനിധികൾക്കെല്ലാം ഉത്തമബോധ്യമായി."

മടക്കയാത്രയിൽ യൂഗോസ്ലോവിയയിലെ പാത്രിയർക്കീസിനെ കണ്ടശേഷം അലക്സന്ത്രിയാ പാത്രിയർക്കീസിന്റെ ക്ഷണപ്രകാരം ഈജിപ്തും സന്ദർശിച്ച ബാവായും അലക്സിയോസ് റമ്പാനും തിരുവിതാംകൂറിൽ മടങ്ങിയെത്തി (സി. എം. തോമസ് റമ്പാൻ കുറെനാൾ ഓക്സ്ഫഡിൽ താമസിച്ചു). യൂഗോസ്ലോവിയയിലെയും അലക്സന്ത്രിയായിലെയും ഓർത്തഡോക്സ് പാത്രിയർക്കീസന്മാരാണ് പൗരസ്ത്യ കാതോലിക്കാ ബാവായ്ക്ക് ആദ്യമായി ഔദ്യോഗിക സ്വീകരണം നൽകിയ മറ്റ് ഓർത്തഡോക്സ് സഭാതലവന്മാർ. ഏതാണ്ട് അഞ്ചു ദശാബ്ദങ്ങൾക്കു മുമ്പ് മാർ തേവോദോസിയോസിനെപ്പറ്റി വളരെ മതിപ്പോടെ അയർലണ്ടിലെ ആർച്ചുബിഷപ്പ് പറഞ്ഞതിനെപ്പറ്റി ഏതാനും മാസം മുമ്പ് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് അനുസ്മരിച്ചതിപ്രകാരമാണ്:

"സഭകളുടെ ലോകകൗൺസിലിന്റെ ആംസ്റ്റർഡാമിൽ ചേർന്ന ഒന്നാം സമ്മേളനത്തിനു ശേഷം 1948-ൽ ഞാൻ അയർലണ്ടിലെ ആർച്ച് ബിഷപ്പിന്റെ ക്ഷണമനുസരിച്ച് അദ്ദേഹത്തിന്റെ പള്ളിയിൽ പ്രസംഗിക്കാൻ ചെന്നു. ആർച്ച് ബിഷപ്പ് എന്നെ പരിചയപ്പെടുത്തിയത് ഇങ്ങനെയായിരുന്നു: ആംസ്റ്റർഡാമിൽ വച്ച് ഇന്ത്യയിലെ പുരാതനമായ ഒരു കൊച്ചു സഭയിൽനിന്നു വന്ന ഒരു ബിഷപ്പിനെ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ കളങ്കരഹിതമായ പുഞ്ചിരിയും ഭക്തിയും സംസ്കാരനിർഭരമായ മുഖവും ആത്മിക പരിവേഷവും വിനയാന്വിതമായ പെരുമാറ്റവും ലളിതസുന്ദരമായ വസ്ത്രങ്ങളും എന്നെ വല്ലാതെ ആകർഷിച്ചു. അദ്ദേഹത്തോടൊപ്പം ആ സഭയിൽ നിന്നു വന്നതാണ് നമ്മുടെ ഇന്നത്തെ വിശിഷ്ടാതിഥിയായ ഫാ. കെ. ഫീലിപ്പോസ്."

13

പെരുനാട്ടിൽ ബഥനിമഠം

അലക്സിയോസ് റമ്പാൻ 1937-ൽ ഇംഗ്ലണ്ടിൽ പോയപ്പോൾ ആംഗ്ലിക്കൻ സഭയിലെ സെന്റ് മാർഗററ്റ്സ് കോൺവെന്റ് അധികൃതരുമായി പരിചയപ്പെട്ടു. മലങ്കരസഭയിലും പുതുതായി ഒരു കന്യാസ്ത്രീമഠം സ്ഥാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. മലങ്കരസഭയിൽ നിന്ന് സന്യാസത്തിന് ദൈവവിളിയുള്ള പെൺകുട്ടികൾക്ക് സിലോണിലെ കൊളംബിലുള്ള സെന്റ് മാർഗററ്റ് മഠത്തിൽ സന്യാസപരിശീലനം നൽകാമെന്ന് അവർ സമ്മതിച്ചു. അതനുസരിച്ച് 1930-ൽ തിരുമൂലപുരം റീത്ത് മഠത്തിൽ നിന്നു രക്ഷപ്പെട്ടവരിലൊരാളായ തേവലക്കര തയ്യിൽ തങ്കമ്മയെയും അയിരൂർ കുരുടാമണ്ണിൽ ദീനാമ്മയെയും വെണ്ണിക്കുളം ചുരുളുകുഴിയിൽ അന്നമ്മയെയും അവരെ തുടർന്ന് അയിരൂർ കുറ്റിക്കണ്ടത്തിൽ മറിയാമ്മയെയും ഇരവിപേരൂർ തലയാറ്റ് കുഞ്ഞമ്മയെയും നാറാണംമൂഴി തേക്കുംകാട്ടിൽ സാറാമ്മയെയും കൊളംബിൽ വിട്ട് പരിശീലിപ്പിച്ചു. അവർക്കായി പെരുനാട്ടിൽ മെയിൻ റോഡിനു സമീപം ആറ് ഏക്കർ സ്ഥലം ബഥനി ആശ്രമത്തിൽ നിന്നു വിലയ്ക്കു വാങ്ങി. പരിശീലനം കഴിഞ്ഞ് 1942-ൽ തിരികെ വന്ന സന്യാസികളെ ആ വർഷം മെയ് മാസത്തിൽ പുതിയ മഠത്തിൽ താമസിപ്പിച്ചു. ബഥനി മഠത്തിലെ ആദ്യകാല സിസ്റ്റേഴ്സിന്റെ, കൊളംബ് സെന്റ് മാർഗററ്റ് കോൺവെന്റിലെ പരിശീലനത്തെപ്പറ്റി ആദ്യത്തെ സുപ്പീരിയറായിരുന്ന മദർ ഹന്നാ ഇപ്രകാരമാണ് പറയുന്നത്:

"കന്യാസ്ത്രീ ജീവിതത്തിന്റെ അസ്തിവാര പ്രമാണങ്ങളായ അനുസരണം, കന്യാവ്രതം, ദാരിദ്ര്യം എന്നീ മൂന്നു വ്രതങ്ങളെ അക്ഷരത്തിലും ആത്മാവിലും പാലിക്കുന്നതിൽ ആതീവ തൽപരരായിരുന്ന സെന്റ് മാർഗരറ്റ് സഹോദരികളുടെ ത്യാഗസമ്പൂർണ്ണമായ ജീവിതംതന്നെ ബഥനി സന്യാസാർത്ഥിനികൾക്ക് ഒരു പഠന വിഷയമായിരുന്നു. സഭാ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തുന്നതിനും നോമ്പാചരിക്കുന്നതിനും സൗകര്യമുണ്ടായിരുന്നു. ജീവിതത്തെ ക്രമപ്പെടുത്തുന്നതിന് സഹായിക്കുന്ന ക്ലാസ്സുകളും അതിനുപകരിക്കുന്ന നല്ല പുസ്തകങ്ങളും ഞങ്ങൾക്കു ലഭിച്ചിരുന്നു.

1941 സെപ്തംബറിൽ തിരുമേനി കൊളംബിൽ എത്തി ഞങ്ങൾക്കായി ത്രിദിന ധ്യാനം നടത്തുകയും ഞങ്ങളെ നവശിഷ്യപദവിയിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. ആംഗ്ലേയ സഭയുമായി കുർബ്ബാന ഐക്യമില്ലാത്ത മലങ്കരസഭയിലെ സന്യാസാർത്ഥിനികൾക്കു വേണ്ടി അവരുടെ സമയവും പണവും ലോഭമെന്യേ ചെലവഴിക്കുവാൻ അവരെ പ്രേരിപ്പിച്ചത് ദൈവസ്നേഹം ഒന്നു മാത്രമായിരുന്നു" (*ബഥനിയുടെ പനിമലർ*, പേജ് 156).

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുതിയ മഠത്തിന്റെ കൂദാശ മാർ തേവോദോസിയോസ് നടത്തി. അവർക്കായി പുതിയ നിയമാവലിയും ആചാര നടപടികളും അദ്ദേഹം എഴുതിയുണ്ടാക്കി. സന്യാസജീവിതത്തിന്റെ വശങ്ങളെക്കുറിച്ചും ഓർത്തഡോക്സ് സഭാ വിശ്വാസങ്ങളെക്കുറിച്ചും അദ്ദേഹം മഠത്തിലെ സിസ്റ്റേഴ്സിനു സാധാരണ ക്ലാസ്സുകൾ എടുക്കുകയും ചെയ്തുവന്നിരുന്നു.

പുതിയ സന്യാസിമാരുടെ വ്രതാനുഷ്ഠാന കർമ്മങ്ങൾക്ക് മുമ്പുള്ള ധ്യാനയോഗങ്ങൾ നടത്തുവാൻ കൊളംബിലെ ആംഗ്ലിക്കൻ സിസ്റ്റേഴ്സ് സാധാരണ പെരുനാട്ടിൽ വരുമായിരുന്നു. സിസ്റ്റർ വെറാ മാർഗററ്റ്, സിസ്റ്റർ ഹാസൽ എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്."

ആദ്യത്തെ അംഗങ്ങളിലൊരാളായ തേവലക്കര സിസ്റ്റർ സൂസന്ന 1955-ൽ നിര്യാതയായി. ബഥനിമഠം സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. പെരുനാട് ഇടവകയിലെ സ്ത്രീകളുടെയിടയിലുള്ള പ്രവർത്തനത്തിന്റെ നേതൃത്വം ബഥനി സിസ്റ്റേഴ്സിനായിരുന്നു. ബഥനി മഠത്തിന്റെ വകയായി ഗ്രാന്റില്ലാതെ ഒരു സ്വാശ്രയ സ്കൂൾ തുടങ്ങണമെന്നുള്ള ഏറിയ കാലത്തെ ആഗ്രഹവും പ്രതീക്ഷയും സഫലമായത് 1959-ൽ മാത്രമാണ്. സ്കൂൾ ആരംഭിക്കുന്നതിൽ ബാലികാമഠത്തിലെ പ്രിൻസിപ്പൽ മിസ് ബ്രൂക്സ് സ്മിത്ത്, ചാലക്കുഴി മിസ് തങ്കമ്മ മാത്തൻ, തോന്നക്കാട്ട് മിസ് പി. കെ. കുഞ്ഞൂഞ്ഞമ്മ എന്നിവരുടെ പ്രശംസനീയമായ പ്രചോദനം പ്രത്യേകം പ്രസ്താവ്യമാണ്.

പ്രവർത്തനമേഖലകൾ

ബഥനി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ

മഠത്തിന്റെ ചുമതലയിൽ 1959-ൽ 22 കുട്ടികളോടു കൂടി ആരംഭിച്ച ലോവർ പ്രൈമറി സ്കൂളിന് 1964-ൽ അംഗീകാരം ലഭിച്ചു. സിസ്റ്റർ സോഫിയായുടെ പ്രധാന ചുമതലയിൽ 1971-ൽ സ്കൂൾ അപ്പർ പ്രൈമറിയായും, 1982-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1985-ൽ ആദ്യബാച്ച് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 100% ഒന്നാം ക്ലാസ്സിൽ വിജയിച്ചു. 1994 വരെയും 100% വിജയം ലഭിച്ചു. ഇപ്പോൾ 850 കുട്ടികൾ അദ്ധ്യയനം നടത്തിവരുന്നു. 1992-ൽ ഇംഗ്ലീഷ് മീഡിയം എൽ.കെ.ജി. ആരംഭിച്ചു. ഇപ്പോൾ ഇംഗ്ലീഷ് മീഡിയം എൽ.കെ.ജി., യു.കെ.ജി., ഒന്നാം സ്റ്റാൻഡേർഡ് ഈ ക്ലാസ്സുകൾ കൂടാതെ ഇംഗ്ലീഷ് മീഡിയത്തിൽ അഞ്ചാം സ്റ്റാൻഡേർഡ് കൂടി ഗവ. അംഗീകാരത്തോടു കൂടി ആരംഭിച്ചിട്ടുണ്ട്. ഏഴു സിസ്റ്റേഴ്സ് ഉൾപ്പെടെ 37 അദ്ധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഉന്നതമായ നിലവാരം നിലനിർത്തുന്നതിന് അദ്ധ്യാപകർ അക്ഷീണ പരിശ്രമം ചെയ്തുവരുന്നു. സ്കൂളിനോടനുബന്ധിച്ചു ഒരു ബോർഡിങ് ഹോമും ഉണ്ട്.

ആശുപത്രി

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അതീവ തല്പരനായിരുന്ന തേവോദോസ്യോസ് തിരുമേനിയുടെ സ്മരണയ്ക്കായി 1968-ൽ ഒരു താൽക്കാലിക കെട്ടിടത്തിൽ ഡോ. ജോണിന്റെ ചുമതലയിൽ മാർ തേവോദോസ്യോസ് മെമ്മോറിയൽ ആശുപത്രി ആരംഭിച്ചു. 1971-ൽ പുതിയ കെട്ടിടം യൂഹാനോൻ മാർ അത്താനാസ്യോസ് കൂദാശ ചെയ്തു ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റി. സിസ്റ്റർ മറിയം ആയിരുന്നു പ്രധാന ചുമതല വഹിച്ചിരുന്നത്. അന്നുമുതൽ മഠത്തിലെ സിസ്റ്റർമാർ അതിന്റെ ചുമതല വഹിച്ചുവരുന്നു. സിസ്റ്റർ ശ്മൂനി, സിസ്റ്റർ ലോവിസ്, സിസ്റ്റർ നിസ്സി എന്നിവരാണ് ഇപ്പോഴത്തെ ചുമതലക്കാർ.

ബഥനി ആശ്രമം സുപ്പീരിയർ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി ആശുപത്രിയുടെ നടത്തിപ്പിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും സഹായവും നൽകിവരുന്നു. ഇപ്പോൾ രണ്ടു ഡോക്ടർമാർ ഉൾപ്പെടെ 15 സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. എക്സ്റേ, ലാബ്, ഇ.സി.ജി., ചെറിയ തോതിൽ ഐ.സി.യു. മുതലായ സംവിധാനങ്ങളോടു കൂടി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചികിത്സാ സൗകര്യങ്ങൾ വേറെയില്ലാത്ത പെരുനാട്ടിലെ ജനങ്ങളുടെ അത്യാവശ്യ ചികിത്സകൾക്ക് ഈ സ്ഥാപനം ഒരനുഗ്രഹമാണ്.

ബ്രാഞ്ച് ഹൗസ്

ഒരു ബ്രാഞ്ച് ഹൗസ് വേണമെന്നുള്ളത് കോൺവെന്റിന്റെ ആവശ്യം ആയിരുന്നു. 1980-ൽ കോട്ടയത്ത് പുല്ലരിക്കുന്നിൽ സ്ഥലം വാങ്ങി പുതിയ കെട്ടിടം പണിത് സിസ്റ്റർ മറിയം, സിസ്റ്റർ യൂലിത്തി എന്നിവർ താമസം തുടങ്ങി. ശാഖാമന്ദിരത്തിന്റെ ചുമതലയിൽ ഒരു വൃദ്ധഭവനം പുലിക്കുട്ടിശ്ശേരിയിൽ മിസ് അന്ന ചെറിയാൻ സൗജന്യമായി നൽകിയ സ്ഥലത്ത് 1986 മുതൽ നടത്തിവരുന്നു. സിസ്റ്റർ സൂസന്നയാണ് പ്രാരംഭത്തിൽ ചുമതല വഹിച്ചിരുന്നത്. പുല്ലരിക്കുന്നിൽ സ്ഥലം വാങ്ങാൻ പ. മാർത്തോമ്മാ മാത്യൂസ് ഒന്നാമൻ കാതോലിക്കാ ബാവാ ഗണ്യമായ ഒരു തുക നൽകി.

ആശാകേന്ദ്രം

റോട്ടറി ക്ലബ്ബിന്റെ ചുമതലയിൽ ഡോ. ജോർജ് ജേക്കബിന്റെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളജിനടുത്ത് സ്ഥാപിച്ചിട്ടുള്ള ആശാ കേന്ദ്രത്തിൽ 1985 ജനുവരി 10 മുതൽ രണ്ടു സിസ്റ്റർമാർ സേവനം അനുഷ്ഠിച്ചുവരുന്നു. സിസ്റ്റർ യൂലീത്തിയാണ് പ്രാരംഭത്തിൽ ചുമതല വഹിച്ചിരുന്നത്.

കുന്നംകുളം

1978 സെപ്റ്റംബർ 18-ന് ഹൈസ്കൂളിലെ പെൺകുട്ടികളുടെ താമസസൗകര്യത്തിനായി ഒരു ശാഖാമന്ദിരവും ഹോസ്റ്റലും ആരംഭിച്ചു. സിസ്റ്റർ ദീന, സിസ്റ്റർ രൂത്ത് ഇവരായിരുന്നു ആദ്യകാല പ്രവർത്തകർ. ഫാ. കുറിയാക്കോസാണ് ഇതിന് നേതൃത്വം നൽകിയിരുന്നത്.

കുന്നംകുളം പട്ടണത്തിൽ ഗുരുവായൂർ റോഡ്സൈഡിൽ 1978-ൽ നാലര ഏക്കർ തെങ്ങുംതോപ്പു വാങ്ങി ബഥനി മഠത്തിലെ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ പെരുനാട് ബഥനി മഠത്തിന്റെ ഒരു ശാഖ ആരംഭിച്ചു. ഈ സ്ഥലം നിസ്സാരവിലയ്ക്ക് നൽകിയത് പരേതനായ കാക്കശ്ശേരിൽ കെ. വി. ഇട്ടിമാണി ബി.എ. ബി.എൽ. ആണെന്ന കാര്യം നന്ദിയോടെ സ്മരിക്കുകയാണ്. അവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് ബഥനി മഠത്തിലെ ആദ്യകാല സിസ്റ്റേഴ്സ് പഠിച്ച തിരുമൂലപുരം ബാലികാമഠം ഹൈസ്കൂൾ പ്രിൻസിപ്പലായിരുന്ന പി. ബ്രൂക്സ് സ്മിത്തിന്റെ സ്മരണയ്ക്കായി ഒരു ബോർഡിങ് ഹൗസ് സ്ഥാപിച്ചു. ഇതിനു വേണ്ട പണം ആശ്രമം നൽകി. മുൻ ആന്ധ്രാ ഗവർണർ കെ. സി. ഏബ്രഹാമാണ് ഉദ്ഘാടനം ചെയ്തത്. കുന്നംകുളം ബഥനി ഹൈസ്കൂളിലെ വിദ്യാർത്ഥിനികളും കുറെ അദ്ധ്യാപകരുമാണ് ഇവിടെ താമസിക്കുന്നത്.

പിന്നീട് അതിനോട് ചേർന്ന് മനോഹരമായ ഒരു ചാപ്പലും പണിതു. അതിന്റെ കൂദാശ അന്നു ബഥനിയുടെ വിസിറ്റർ ബിഷപ്പായിരുന്ന ജോസഫ് മാർ പക്കോമിയോസും കുന്നംകുളത്തെ പൗലൂസ് മാർ മിലിത്തിയോസും കൂടിയാണ് നിർവ്വഹിച്ചത്.

കുഴിമറ്റം

ബഥനി ആശ്രമത്തിന്റെ ചുമതലയിൽ കുഴിമറ്റത്ത് ബഥനി ആശ്രമത്തോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള കൊറ്റുകുളം വിശ്രാന്തി ഭവനത്തിൽ രണ്ടു സിസ്റ്റർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

പാമ്പാടി ദയറായോടനുബന്ധിച്ചുള്ള അഭയ ഭവന്റെ ആരംഭകാലത്തും ബഥനിയിലെ കന്യാസ്ത്രീകൾ അവിടെ സേവനം ചെയ്തിരുന്നു.

സിസ്റ്റർ സൂസന്നാ, സിസ്റ്റർ ഹന്നാ, സിസ്റ്റർ ദീന, സിസ്റ്റർ സാറാ, സിസ്റ്റർ എലിസബത്ത് ഇവർ സുപ്പീരിയർമാരായിരുന്നിട്ടുണ്ട്.

(തുടരും)



ചലച്ചിത്രലോകത്തെ നവാഗത പുരസ്കാരം. നരേന്ദ്രപ്രസാദ് ഫൗണ്ടേഷന്റെ സ്പെഷ്യൽ ജൂറി അവാർഡ് ബാലതാരം അമൽ പോൾ നേടി. കായംകുളം കാദീശ കത്തീഡ്രൽ ഇടവകാംഗം ക്ലാപ്പന അലൻ നിവാസിൽ പരേതനായ പോൾറ്റി. ലാലിന്റെയും, മിനി പോളിന്റെയും മകനും കാദീശ സൺഡേസ്കൂൾ മൂന്നാം ക്ലാസ് വിദ്യാർത്ഥിയുമാണ്.

വചനതീർത്ഥം



പെന്തിക്കോസ്തി പെരുന്നാളിനു ശേഷം ഒന്നാം ഞായർ

(വി. ലൂക്കോസ് 7:27-35)

ഫാ. ജെറിൻ ജോൺ അടൂർ

ഇന്നത്തെ വചനഭാഗത്ത് വി. ലൂക്കോസ് യോഹന്നാന്റെ ജനനത്തിന്റെ അദ്ഭുതാവഹമായ വശങ്ങൾ വിവരിക്കുമ്പോൾ, മറ്റു സുവിശേഷകന്മാർ - വി. മത്തായിയും വി. മർക്കോസും യോഹന്നാനും എപ്രകാരം സ്നാപകൻ ക്രിസ്തുവിന് വഴിയൊരുക്കി എന്നു വ്യക്തമാക്കുന്നു. സുവിശേഷകന്മാർ യോഹന്നാന്റെ വ്യക്തിത്വത്തിലേയ്ക്ക് വെളിച്ചം വീശുന്നത് അദ്ദേഹത്തിൻറെ വിനയമെന്ന പുണ്യം ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. സുവിശേഷത്തിലെ അഷ്ടഭാഗ്യങ്ങളിലൂടെ ക്രിസ്തു പ്രബോധിപ്പിക്കുന്ന പുണ്യങ്ങളിൽ ശ്രേഷ്ഠമാണ് വിനയം. "ആത്മനാ ദരിദ്രരായവൻ ഭാഗ്യവാന്മാർ!" (മത്തായി 5, 3). സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ലെന്നും (ലൂക്കാ 7, 28) ക്രിസ്തു തന്നെ പറയുണ്ട്.

ദൈവ രാജ്യത്തിന്റെ മൗലിക പാതയെ വഴികാട്ടിയ യോഹന്നാൻ സ്നാപകൻ

ദൈവരാജ്യത്തിന്റെ മൗലിക പാത ഇല്ലാതാകുക, സ്വയാർപ്പണം ചെയ്യുക! അതായിരുന്നു യോഹന്നാന്റെ ജീവിതം! തന്റെ മഹത്വം കാണാതെ ദൈവമഹത്വം തേടിയൊരാൾ...! എന്നിട്ടോ, നിന്ദ്യമായി കൊല്ലപ്പെട്ടു. അറിയപ്പെടാതെ... നടന്ന ഒരു മരണവും സംസ്ക്കാരവുമായിരുന്ന സ്നാപകന്റേത്. ഒറ്റയ്ക്ക് ദൈവരാജ്യത്തിനായി സമർപ്പിച്ചവൻ, ജീവിച്ചവൻ ഏകനായി അരുമില്ലാതെ, ആരോരുമറിയാതെ, ന്യായമായൊരു ഒരു വിചാരണപോലുമില്ലാതെ കൊല്ലപ്പെട്ടു. ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ ലാളിത്യം, എളിമ, ചെറുമ എന്നിവ ജീവിതത്തിൽ മനോഹരമായി പ്രതിഫലിപ്പിച്ച യോഹന്നാൻ തീർച്ചായായും ക്രിസ്തുവിന്റെ മുന്നോടിയാണ്.

യോഹന്നാൻറെ വ്യക്തിത്വം തുറന്നത് ദൈവരാജ്യത്തിന്റെ ഒരു നവമായ അദ്ധ്യായമാണ്. യേശുവിലുള്ള രക്ഷയുടെ നവമായ അദ്ധ്യായം! മനുഷ്യൻറെ വഴിയല്ല ദൈവത്തിന്റെ വഴിയാണിത്! ജീവിതത്തിൽ വിനയം പ്രഘോഷിച്ചവൻ, സ്വന്തം മഹത്വം തേടിയില്ലെന്നു മാത്രമല്ല, മറ്റുള്ളവരുടെ മഹത്വം ആഗ്രഹിക്കുകയോ, അത് ഏറ്റുപിടിക്കയോ ചെയ്തില്ല. തന്റെ മഹത്വത്തിലോ, അപരന്റെ മഹത്വത്തിലോ അയാൾ ആശ്രയിക്കുന്നുമില്ല. ഒരിക്കൽപ്പോലും യോഹന്നാൻ തന്റെ വിളിയിൽനിന്നും, ദൈവം ഭരമേല്പിച്ച ഉത്തരവാദിത്വത്തിൽ നിന്നും വ്യതിചലിച്ചില്ലെന്നത് ശ്രദ്ധേയംതന്നെ. തന്റെ ജീവിതദൗത്യത്തിനായി പൂർണ്ണമായി ജീവിച്ചു. ദൈവരാജ്യത്തിന്റെ മൗലികമായ മാതൃക യോഹന്നാൻ ജീവിച്ചു കാട്ടി. അതിനായി രക്തസാക്ഷിത്വം വരിച്ചു.

എൻറെ പിന്നാലെ വരുന്നവന്റെ "വഴിയൊരുക്കുന്നവനാ"ണു ഞാൻ... എന്ന ആരെയും അമ്പരപ്പിക്കുന്നതായിരുന്നു യോഹന്നാന്റെ വിനീത ഭാവം! അവസാനം ക്രിസ്തുവിന്റെ മുന്നോടിയായി ലോകം ഈ യോഗീവര്യനെ തിരിച്ചറിഞ്ഞു. ജീവിതത്തിലെന്നപോലെ മരണത്തിലും യോഹന്നാൻ ക്രിസ്തുവിന്റെ മുന്നോടിയാണ്.

ആത്മീയതയുടെ അരണ്ട നാളുകളിലൂടെ ജീവിക്കേണ്ടിവന്ന യോഹന്നാൻ സ്നാപകൻ

നിരാശയുടെയും സംശയത്തിൻറെയും ആന്തരിക സംഘർഷം യോഹന്നാനെ വലച്ചു കാണും. അതുകൊണ്ടാണ് തന്റെ ശിഷ്യന്മാരെ വിളിപ്പിച്ച് യേശുവിന്റെ പക്കലേയ്ക്ക് പറഞ്ഞയച്ചത്. പോയി അന്വേഷിക്കാൻ! എന്ത് അന്വേഷിക്കാൻ? വരാനിരിക്കുന്നവൻ ക്രിസ്തു തന്നെയാണോ? അതോ, ഞങ്ങൾ മറ്റൊരാൾക്കായ് കാത്തിരിക്കണമോ? ചുരുക്കത്തിൽ താൻ ഇത്രയുംനാൾ പ്രഘോഷിച്ചതൊക്കെ തെറ്റിപ്പോയോ എന്നായിരിക്കാം ആ സംശയം! ആ വിഷമവും വേദനയും പേറി, ജയിലറയുടെ ഏകാന്തതയിൽ യോഹന്നാൻ ദുഃഖത്തിന്റെയും സംശയത്തിന്റെയും അതീവമായ ആന്തരിക വ്യഥ അനുഭവിച്ചു കാണും. ഞാൻ ചെറുതാകണം, ക്രിസ്തു വലുതാകണം! ഇവിടെ താൻ ചെറുതാകണം, ഇല്ലാതാകണം എന്ന ആ പ്രയോഗം, ആത്മീയമായും ആന്തരികമായും മാത്രമല്ല, ശാരീരികമായും സംഭവിക്കട്ടെ എന്നയാൾ ആഗ്രഹിച്ചു കാണും!



തൻറെ ദൗത്യം പൂർത്തിയായി ഇനി വിടപറയാം... എന്ന് സ്വയം സമർപ്പിച്ചു കാണണം. എന്നിട്ട് അദ്ദേഹം തന്റെ ബാക്കി ശിഷ്യന്മാരെപ്പോലും ക്രിസ്തുവിങ്കലേയ്ക്ക് പറഞ്ഞയച്ചു! അപ്പോഴേയ്ക്കും ആ ശരസ്സിൽ ഒരു ഘട്കം വന്നുവീണു. നീതിയുടെ ശബ്ദം നിലച്ചു.

സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല."

സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയ വ്യക്തിയില്ല അഥവാ പ്രവാചകനില്ല എന്നാണ് യേശു പ്രഖ്യാപിക്കുന്നത്. ഈ വൈശിഷ്ട്യം അവന്റെ വ്യക്തിപരമായ സ്വഭാവത്തെക്കുറിച്ചുള്ളതല്ല; മശീഹായുടെ മുന്നോടി എന്ന നിലയിലുള്ള അവന്റെ പദവി അഥവാ ദൗത്യത്തെക്കുറിച്ചാണ്. ആവേശത്തിലും, ബഹുമാനത്തിലും, ഭക്തിയിലും അവനെപ്പോലെ തന്നെ ശ്രേഷ്ഠരായ വ്യക്തികൾ ഉണ്ടായിരുന്നു. ക്രിസ്തുവിനെക്കുറിച്ച് പ്രവചിച്ചവരും അവനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽ കൂട്ടി സാക്ഷീകരിച്ചവരും ഉണ്ടായിരുന്നു. (1 പത്രൊ, 1:10,11). എന്നാൽ ആർക്കും രാജാവിന്റെ വരവിനെക്കുറിച്ച് പ്രസിദ്ധം ചെയ്യുവാനുള്ള ഭാഗ്യം ഉണ്ടായിരുന്നില്ല. ആ കാര്യത്തിൽ യോഹന്നാൻ അതുല്യനായിരുന്നു. യോഹന്നാൻ സ്നാപകൻ മലാഖി പ്രവചനത്തിന്റെ നിവൃത്തിയാണ് (3:1).

കർത്താവിന് മുൻഗാമിയായി എത്തി ജനത്തെ അവന്റെ വരവിനായി ഒരുക്കുന്ന ദൂതുവാഹകൻ. വരുവാനുള്ള ഏലിയാവും യോഹന്നാനാണെന്ന് യേശു വ്യക്തമാക്കി. (മലാ, 4:5,6; മത്താ, 11:14). മറ്റു പ്രവാചകന്മാർ ക്രിസ്തുവിന്റെ ആഗമനം മുൻകൂട്ടി അറിയിച്ചിരുന്നു. എങ്കിലും ക്രിസ്തുവിന്റെ ആഗമനം അക്ഷരാർത്ഥത്തിൽ സംഭവിച്ചു എന്ന് വിളംബരം ചെയ്യുവാൻ യോഹന്നാനെയാണ് ദൈവം തിരഞ്ഞെടുത്തത്. അവന്റെ ശുശ്രൂഷയെപ്പറ്റി ഇങ്ങനെ വിലയിരുത്തുന്നത് തീർച്ചയായും അനുയോജ്യമാണ്: "യോഹന്നാൻ ക്രിസ്തുവിന് വഴി തുറന്നുകൊടുത്തു, പിന്നീട് അവൻ ക്രിസ്തുവിനുവേണ്ടി വഴിമാറിക്കൊടുത്തു.

❑

Church Calendar

THE FORERUNNER OF THE LORD

(FIRST SUNDAY AFTER PENTECOST ST. LUKE 07:27-35)



Fr. Sajoie Samuel

St. John the Baptist holds a cardinal place in Orthodox worship. The public celebration of the Holy Qurbana, starts with reference to John the Baptist along with Mother Mary. Moreover, the Church celebrates the birthday of only three Biblical stalwarts: Jesus Christ (December 25), Mother Mary (September 08) and John the Baptist (Sunday before Christmas). This is because St. John led a life that was set apart for being the forerunner to His Master. He was eloquent in his criticism to pick up cudgel against the ruling elite that is king Herod in marrying Herodias.

The Savior Himself minces no words to tell the crowd following Him about who John is. He is not a reed that is spineless. Rather he had the guts to speak against king Herod. Many believe that John had doubts about Jesus, so He sent his discipes to Him to verify His credentials. But let's not forget that even in his mother's womb, John had recognized Jesus. When other prophets prophesied about Jesus, John saw Him and baptized Him. Malachi 3:1 refers to John as an "angel". So if we are under the misconception that John doubted the genuinity of Jesus as the Messiah, then this article aims to put that doubt to rest.

I. TO THOSE WHO DO NOT KNOW CHRIST, SHOW THEM HIS GREATNESS

Men with intellect and wisdom often do things in a manner that is beyond the understanding of those with weak intellect. King Solomon showed intellect when he gave judgment in 1 Kings Chapter 3 to the prostitutes who came up to him for judgment. Prophet Samuel calls for David when he had to be anointed as king, when the other brothers are rejected (1 Samuel Chapter 16). Eli discerns the Lord calling Samuel in sleep is also a case in point (1 Samuel chapter 3). In the Gospel portion cited above, John the Baptist did something remarkable.

When the son of a widow in Nain was raised to life by Jesus, it is said to have made the disciples of John envy. The Baptist knew that his followers had not a complete knowledge about who Jesus was. If they were aware, then they would never have been jealous of him. So what does the forerunner do to solve the problem? He sends them to Him so that they can have a first hand experience of who Jesus is. He wanted them to know, that He was superior to their master and not vice-versa. John wants them to believe that Jesus is God.

So what is the response of Jesus? He tella them of the miracles that were happening. Miracles that were attributed by prophets in the past, to be signs of the coming of the Messiah. Jesus exhorts them to go back to their master and tell him things they had seen. In other words, they are being given the task of being Evangelists themselves. Jesus says to the disciples, words spoken by Isaiah about Christ in Isaiah 29: 18 and 19, 35:6 and 61:1.

II. WHEN WE LEAD A VIRTUOUS LIFE, WE ARE HIGHLIGHTING GOD'S WISDOM

Why does Jesus refer to a peculiar game, the children of those times played? They would divide themselves into two groups, wherein one group would play mourning and wailing tunes while the other group would play dancing tunes. Those who sang the rejoicing tune, would not team up with the other and vice versa. This game was played in the marketplace where in the general public could also join in, if required.

Jesus is here ridiculing the Pharisees for behaving in a similar manner. John the Baptist led a life of mourning, but they boycotted him. He preached repentance to the tax collectors, and others and they accepted his message. They confessed and turned to the true faith. On the other hand, Jesus led a more pleasing life, this time too the Pharisees did not comply to His teachings. They showed no remorse or guilt of the sins that they were doing. They neither mourned with John the Baptist, neither did they rejoice with Jesus Christ. During the triumphant entry of Jesus into Jersusalem, the children who sang Hossanah to Jesus, showed much more maturity than the Pharisees. There too, the critics of Jesus ask Him to order those shouting to be silent.

To sum up, judgment is not far for us who know the fiery nature of St. John the Baptist. He led a life of penance and sacrifice to pave the path for the Messiah. He led an austere life for you and me. We are bringing forth judgment on ourselves if we are not able to travel on the spiritual path shown by the forerunner. The first Friday after the Feast of Pentecost is celebrated as 'Golden Friday'. The Holy Spirit blessed the apostles to gain the healing powers of their Master. May the Holy Spirit shower the same blessings on us too by the means of our virtuous existence. Amen.

❑



കാതോലിക്കേറ്റ് & എംഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെൻറ് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂളുകൾക്കായി വാങ്ങിയ സ്കൂൾ ബസ്സുകളുടെ കൂദാശ കർമ്മം, പരുമലയിൽ വച്ച് കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.



Delegates of the Orthodox Leadership Training (COLT) from different parts of India at the headquaters of MGOCSM.



Feast of Pentecost by Abraham Mar Stephanos at St. Mary's Indian Orthodox Congregation North West London.

Pune Karad Deemed യൂണിവേഴ്സിറ്റിയിൽ നിന്നും ബയോ സ്റ്റാറ്റിസ്റ്റിക്സിൽ രേഷ്മ സന്തോഷിന് ഡോക്ടറേറ്റ് ലഭിച്ചു. മാവേലിക്കര ഭദ്രാസനത്തിലെ കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.





കോട്ടയം കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് പള്ളി നവതി ആഘോഷങ്ങളുടെ ഉദ്ഘാടനം ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് നിർവഹിച്ചു.




കേരള സർവ്വകലാശാലയിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ ജിഷ എബ്രഹാമിന് ഡോക്ടറേറ്റ് ലഭിച്ചു. നെടുമങ്ങാട് ഗവ. കോളജിലെ അസി. പ്രൊഫസറാണ്. തിരുവനന്തപുരം ഭദ്രാസനത്തിലെ ചെങ്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

എം.ജി യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ വിഷ്വൽ കമ്യൂണിക്കേഷനിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ സീതത്തോട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗം തടത്തിൽ ജോബ് മാത്യു.



പുസ്തകം



സെന്റ് തോമസ്: മിത്തും ചരിത്രവും

ഡോ. എം. ഐ. പുന്നൂസ്

സെന്റ് തോമസുമായി ബന്ധപ്പെട്ട് കേരള ക്രൈസ്തവർക്കിടയിലും പൊതു സമൂഹത്തിലും പ്രചാരത്തിലുള്ള ദത്തങ്ങളുടെ അവതരണവും അവയിലൂടെ കടന്നുപോയപ്പോഴുണ്ടായ ഉൾത്തെളിച്ചങ്ങളുടെ ക്രോഡീകരണവുമാണ് ഈ കൃതിയുടെ ഉള്ളടക്കം.

പ്രസാധകർ: എൻ.ബി.എസ്., കോട്ടയം

കാതോലിക്കാ സിംഹാസനം

നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്